**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1193** **12-02-2025 - ൽ മറുപടിയ്ക്ക്**

**വർക്കല ബൈപാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വർക്കല ബൈപാസ് നിർമ്മാണനടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | വർക്കല ബൈപ്പാസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 33.10 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. ലാൻഡ് അക്വിസിഷൻ പ്രവൃത്തികൾ ചെയ്ത ശേഷം റോഡ് പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി detailed estimate സർക്കാരിലേക്ക് സമർപ്പിക്കണം എന്ന നിബന്ധനയോടെയാണ് പുതുക്കിയ ഭരണാനുമതി സർക്കാർ അനുവദിച്ചത്.<br><br>നിലവിൽ ഈ പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. Detailed Project Report തയ്യാറാക്കുന്നതിന് മുന്നോടിയായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടപ്പിലാക്കേണ്ടതുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് 9.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിനുള്ള ടെൻഡർ നടപടികൾ നടന്നു വരികയുമാണ്. LA യുമായി ബന്ധപ്പെട്ട് അധികമായി നൽകാനുള്ള 2.5 കോടി രൂപയ്ക്ക് ഉള്ള ബിൽ തഹസീൽദാർക്ക് മാറി നൽകുന്നതിനായി 31.12.2024 ൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നതാണ്. ഈ തുക ഉൾപ്പെടെ LA യുമായി ബന്ധപ്പെട്ട് തഹസീൽദാർക്ക് ആകെ 19 കോടി 59 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ